**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1292** **15-10-2026-ൽ മറുപടിയ്ക്ക്**

**2026 ആഗസ്റ്റിൽ പത്തനംതിട്ട ജില്ലയിലെ റാന്നി,ആറന്മുള മേഖലകളിലുണ്ടായ വെള്ളപ്പൊക്കം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** 2026 ആഗസ്റ്റ് 1 മുതൽ 4 വരെ പത്തനംതിട്ട ജില്ലയിലെ റാന്നി, ആറന്മുള മേഖലകളിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ സാഹചര്യത്തിൽ ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് നിഷ്കർഷിക്കുന്ന മുൻകരുതൽ നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ തീയതിയും സമയവും സഹിതം വിശദമാക്കുമോ;

**മറുപടി:** 2026 ആഗസ്റ്റ് 1 മുതൽ 4 വരെ പത്തനംതിട്ട ജില്ലയിലെ റാന്നി, ആറന്മുള മേഖലകളിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ സാഹചര്യത്തിൽ ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് നിഷ്കർഷിക്കുന്ന മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

ജില്ലയിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് അലർട്ട് 31/07/2026 1.00 PM ന് പ്രഖ്യാപിച്ചിരുന്നതും ആയത് സംബന്ധിച്ച നിർദ്ദേശം കേരള സംസ്ഥാന അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ നിന്നും (കെ.എസ്.ഇ.ഒ.സി ) 31/07/2026 1.44 PM ന് പത്തനംതിട്ട ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതും ആയത് പ്രകാരം തുടർനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും 31/07/2026 3.44 PM ന് പത്തനംതിട്ട ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ (DEOC) നിന്നും നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

**(ബി)** ആഗസ്റ്റ് 1-ന് റാന്നി മേഖലയിൽ 300 mm-ൽ അധികം അതിതീവ്ര മഴ ലഭിച്ച സാഹചര്യത്തിൽ മുൻകൂർ ഒഴിപ്പിക്കൽ (Evacuation) നിർദ്ദേശങ്ങൾ നൽകിയിരുന്നോ; ജലനിരപ്പ് ഉയർന്നിട്ടും ഉത്തരവ് നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

**മറുപടി:** പത്തനംതിട്ട ജില്ലയിൽ റാന്നി മേഖലയിൽ 2026 ജൂലൈ 31 രാത്രി, ആഗസ്റ്റ് 1 രാവിലെയുമായിട്ടാണ് 300 mm അതിതീവ്ര മഴ ലഭ്യമായിട്ടുള്ളത്. ജില്ലയിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരുന്നതിനാൽ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതും അതിശക്തമായ മഴ തുടരുന്ന സാഹചര്യം മണ്ണിടിച്ചിൽ, നഗരങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് എന്നിവ സൃഷ്ടിക്കാൻ സാധ്യതയുള്ളതിനാലും മലയോര മേഖലയിലും വനത്തിലും മഴ ശക്തമാകുന്നത് മലവെള്ളപ്പാച്ചിൽ, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനാലും നിർബന്ധമായും അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരെ മുൻകൂട്ടി മാറ്റി താമസിപ്പിക്കുവാൻ 31/07/2026 തീയതിയിൽ തന്നെ കേരള സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ നിന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ (DEOC) നിന്നും നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

കൂടാതെ 01/08/2026 തീയതിയിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ചേർന്ന് ജില്ലയിൽ തുടർച്ചയായി മഴ പെയ്യുന്ന സാഹചര്യത്തിൽ പ്രാദേശികമായ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യതയുള്ളതിനാൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാദ്ധ്യതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ അടിയന്തിര ക്യാമ്പുകൾ സജ്ജമാക്കി ജനങ്ങളെ മുൻകരുതലിന്റെ ഭാഗമായി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാരും വില്ലേജ് ഓഫീസർമാരും സ്വീകരിക്കുവാനും ആയതിലേക്ക് ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിൻ്റ് ഡയറക്ടറും ബന്ധപ്പെട്ട തഹസീൽദാർമാരും സ്വീകരിക്കുവാനും നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ജില്ലയിൽ തുടർച്ചയായി അതിശക്തമായ മഴ പെയ്യുന്ന സാഹചര്യത്തിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ ജനങ്ങളെ മുൻകരുതലിന്റെ ഭാഗമായി മാറ്റി പാർപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

**(സി)** മൂഴിയാർ, മണിയാർ, കരിക്കയം ഡാമുകൾ തുറക്കുന്നതിന് മുൻപായി ജനങ്ങൾക്ക് അടിയന്തര മുന്നറിയിപ്പുകൾ(സൈറൻ,എസ്.എം.എസ്, പബ്ലിക്/പോലീസ് അനൗൺസ്മെന്റ് ) നൽകിയിരുന്നോ; ഓരോ ആശയവിനിമയ ഉപാധിയും ഉപയോഗിച്ചതിന്റെ ഔദ്യോഗിക ലോഗ് വിവരങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** പമ്പാ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട മണിയാർ ഡാമിലെ മെക്കാനിക്കൽ പ്രവർത്തികളുമായി (DRIP PHASE-II- Replacement of 5 Nos. Barrage Shutters, 2 Nos. of River sluice Shutter) ബന്ധപ്പെട്ട് മണിയാർ ഡാമിന്റെ 5 ഷട്ടറുകളും സ്ലൂയിസ് ഷട്ടറുകളും പൂർണതോതിൽ ഉയർത്തിവെച്ചിട്ടുള്ളതും ഡാമിൽ ജലം ശേഖരിക്കുന്നില്ലാത്തതുമാണ്. DRIP II പദ്ധതിയിലുൾപ്പെടുത്തി മണിയാർ ബാരേജിലെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി 29/07/2022 മുതൽ നടന്നുകൊണ്ടിരിക്കുകയാണ്.

KSEB ഡാം സേഫ്റ്റി ഡിവിഷൻ, കക്കാട് അധീനതയിലുള്ള മൂഴിയാർ ഡാമിൽ 31/07/2026 രാത്രി മുതൽ ഉണ്ടായ ശക്തമായ മഴയും വർദ്ധിച്ച നീരൊഴുക്കും മൂലം മൂഴിയാർ ഡാമിലെ ജലനിരപ്പ് റെഡ് അലേർട്ട് ലെവൽ കവിഞ്ഞ സാഹചര്യത്തിൽ തുറക്കുന്നതിനു മുൻപായി ഡൗൺ സ്ട്രീം പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി സൈറൻ മൂന്ന് പ്രാവശ്യം മുഴക്കുകയും ഓറഞ്ച് ബുക്കിൽ കെ.എസ്.ഇ.ബിക്ക് നിർദേശിച്ചിട്ടുള്ള നടപടിക്രമങ്ങളും, മൂഴിയാർ ഡാം ഓപ്പറേഷൻ & മെയിൻറനൻസ് മാനുവലിലെ flood റിലീസ് നടപടിക്രമങ്ങളും കൃത്യമായി പാലിക്കുകയും ചെയ്തിട്ടുള്ളതാണ്.

കെ.എസ്.ഇ.ബി ലിമിറ്റഡിൻറെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ മൂഴിയാർ ഡാമിൻറെ വൃഷ്ടി പ്രദേശത്ത് ശക്തമായ മഴ ഉള്ളതിനാൽ അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ് എന്നും മൂഴിയാർ ജലസംഭരണിയുടെ പരമാവധി ജലനിരപ്പ് 192.63 മീറ്ററും റെഡ് അലേർട്ട് ലെവൽ 190.00 മീറ്ററും ആയി നിജപ്പെടുത്തിയിരിക്കുകയാണെന്നും (31/07/2026) 8:00 PM ന് ജലനിരപ്പ് 190.00 മീറ്ററിന് മുകളിൽ എത്തിയതിനാൽ റെഡ് അലേർട്ട് പ്രഖ്യാപിക്കുന്നതായി 31/07/2026 8.08 PM -ന് പത്തനംതിട്ട ജില്ലാ കാര്യാലയത്തെ ഇ മെയിൽ മുഖാന്തിരം ഡാം സേഫ്റ്റി എക് സിക്യൂട്ടിവ് എഞ്ചിനിയർ അറിയിച്ചിരുന്നു.

തുടർന്ന് മൂഴിയാർ ഡാമിൻ്റെ വൃഷ്ടി പ്രദേശത്ത് ശക്തമായ മഴ ഉള്ളതിനാൽ അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ് എന്നും അണക്കെട്ടിലെ ജലനിരപ്പ് 192.63 മീറ്റർ എത്തുമ്പോൾ ഡാമിലെ അധിക ജലം, 3 ഗേറ്റുകൾ പരമാവധി 60 സെ.മീറ്റർ വീതം ഉയർത്തി 50 ക്യുമെക്സ് വരെ ഏതുസമയത്തും കക്കാട്ടാറിലേക്ക് ഒഴുക്കിവിടുമെന്നും അതിൻ പ്രകാരമുള്ള മുന്നൊരുക്കങ്ങളും സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കക്കാട് ഡാംസേഫ്റ്റി എക്സിക്യൂട്ടിവ് എഞ്ചിനിയർ

31/07/2026 9.13 PM ന് പത്തനംതിട്ട ജില്ലാകാര്യാലയത്തിലേക്ക് കത്ത് ലഭ്യമാക്കിയതിൻ്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കാര്യാലയത്തിലെ 31.07.2026 തീയതിയിലെ DCPTA/3460/2024-DM1 നം. കത്ത് മുഖേന രാത്രി 10.03 PM -ന് ആവശ്യമായ ക്രമീകരണങ്ങൾ കൈകൊള്ളുന്നതിലേക്കും പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുന്നതിലേക്കും പത്തനംതിട്ട ജില്ലാ കാര്യാലയത്തിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്.
സ്വകാര്യ ഡാമായ കാരിക്കയം ഡാം അയ്യപ്പാ ഹൈഡ്രോ പവർ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ളതും ടി ഡാം തുറക്കുന്നതിന് പത്തനംതിട്ട ജില്ലാ കാര്യാലയം മുഖേന പ്രത്യേകം അനുമതി നൽകുന്നില്ലാത്തതുമാണ്.

**(ഡി)** ഡാമുകൾ തുറക്കുന്ന വിവരവും ജലനിരപ്പ് ഉയരുന്നതും റാന്നി, ആറന്മുള, വടശ്ശേരിക്കര, കോഴഞ്ചേരി മേഖലകളിലെ തദ്ദേശ-താലൂക്ക് അധികൃതരെ മുൻകൂട്ടി അറിയിച്ചിരുന്നോ; സന്ദേശം നൽകിയ സമയവും കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ വിവരങ്ങളും വ്യക്തമാക്കുമോ;

**മറുപടി:** ജില്ലയിൽ പമ്പാ നദീതടത്തിൽ ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി പമ്പ, കക്കി ആനത്തോട് ഡാമുകളും, കക്കാട് വൈദ്യുത പദ്ധതിയുടെ ഭാഗമായി മൂഴിയാർ ഡാം എന്നിവയാണ് കേരള സംസ്ഥാന വൈദ്യുത ബോർഡിന്റെ അധീനതയിലുള്ളത്. ഇതിൽ കക്കി ജലസംഭരണിയിൽ നീല, ഓറഞ്ച്, ചുവപ്പ് അലെർട്ട് ജലനിരപ്പുകളും, റൂൾ കെർവ് ജലനിരപ്പും നിലവിലുള്ളതാണ്. പമ്പാ ജലസംഭരണിയിൽ റൂൾ ലെവലുകൾ നിലവിലില്ലാത്തതുമാണ്.

മൂഴിയാർ ഡാമിൽ നീല, ഓറഞ്ച് അലെർട്ട് നിലവിലില്ലാത്തതും 190 മീറ്ററിൽ ജലനിരപ്പ് എത്തിയാൽ ചുവപ്പ് അലെർട്ട് പ്രഖ്യാപിക്കുന്നതും 192.63 മീറ്ററിൽ എത്തിയാൽ ഡാം തുറന്നു വിടുന്നതുമാണ്.

മൂഴിയാർ, മണിയാർ എന്നീ ഡാമുകളുടെ സംഭരണശേഷി കുറവായതിനാൽ വളരെ കുറഞ്ഞ അളവിൽ മഴ പെയ്താൽ തന്നെ ഡാമിൽ ജലനിരപ്പ് പരാമവധി സംഭരണശേഷിയോട് അടുക്കുന്ന സാഹചര്യത്തിൽ ആവശ്യമെങ്കിൽ ഏതു സമയത്തും ജലനിരപ്പ് ക്രമീകരിക്കുന്നതിലേക്ക് ഡാം തുറന്നുവിടേണ്ട സാഹചര്യം ഉള്ളതിനാൽ ആവശ്യാനുസരണം ഡാമുകൾ തുറക്കുന്നതിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ 12/05/2026 യോഗ തീരുമാന പ്രകാരം മുൻകൂർ അനുമതി നൽകിയിട്ടുള്ളതുമാണ്.

കെഎസ്ഇബി ലിമിറ്റഡ് കക്കാട് ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ ഡാമുകളിൽ ഒന്നായ മൂഴിയാർ ഡാമിൻറെ വൃഷ്ടിപ്രദേശത്ത് ശക്തമായ മഴ ഉള്ളതിനാൽ മൂഴിയാർ അണക്കെട്ടിലെ ജലനിരപ്പ് 31.07.2026 08.00 PM-ന് റെഡ് അലെർട്ട് ലെവലായ 190.00 മീറ്റർ എത്തിയിട്ടുണ്ടെന്നും പരമാവധി ജലനിരപ്പായ 192.63 മീറ്ററിൽ എത്തിയാൽ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി ടി ഡാമിൻറെ 3 ഷട്ടറുകൾ നിയന്ത്രിതമായ രീതിയിൽ തുറക്കുന്നതുമായി ബന്ധപ്പെട്ട് കെഎസ്ഇബി ലിമിറ്റഡ് കക്കാട് ഡാം സേഫ്റ്റി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കാര്യാലയത്തിലെ 31.07.2026 തീയതിയിലെ DCPTA/3460/2024-DM1 നം. കത്ത് മുഖേന രാത്രി 10.03 PM -ന് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ കൈകൊള്ളുന്നതിലേക്കും പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുന്നതിലേക്കും ചുവടെ ചേർത്തിരിക്കുന്നവർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

1. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, പത്തനംതിട്ട

2. ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട.

3. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട.

4.അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ, ഫയർ ആന്റ് റസ്ക്യൂ, പത്തനംതിട്ട

5.റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ/തിരുവല്ല.

6.തഹസിൽദാർ, അടൂർ/തിരുവല്ല/കോഴഞ്ചേരി/മല്ലപ്പള്ളി/റാന്നി/കോന്നി

7. പ്രിൻസിപ്പൽ കൃഷി ഓഫീസർ, പത്തനംതിട്ട

8. ജില്ലാ മൃഗ സംരക്ഷണ ഓഫീസർ, പത്തനംതിട്ട

9. ജില്ലാ സപ്ലൈ ഓഫീസർ, പത്തനംതിട്ട.

10. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, PIP, കോഴഞ്ചേരി

11. ഉപഡയറക്ടർ വിദ്യാഭ്യാസ വകുപ്പ്, തിരുവല്ല

12. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട

13. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നിരത്ത്/കെട്ടിട/ഇലക്ട്രിക്കൽ) പത്തനംതിട്ട.

14. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കെ.എസ്.ഇ.ബി, പത്തനംതിട്ട

കൂടാതെ ഇത് സംബന്ധിച്ച 31.07.2026 തീയതിയിലെ DCPTA/3460/2024-DM1 നം. പത്രക്കുറിപ്പ് മുഖേന രാത്രി 10.03 PM -ന് പത്ര ദൃശ്യ ശ്രവ്യ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരണത്തിനും വ്യാപക പ്രചാരണത്തിനുമായി പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ആഫീസർക്കും കൈമാറിയിട്ടുള്ളതുമാണ്.

**(ഇ)** ജില്ലയിൽ ഡിസ്ട്രിക്റ്റ് /താലൂക്ക് ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം ഏത് സമയത്താണ് ആക്ടിവേറ്റ് ചെയ്തതെന്നും പ്രസ്തുത സമയത്ത് ഇൻസിഡന്റ് കമാൻഡർ ആരായിരുന്നുവെന്നും വ്യക്തമാക്കുമോ;

<u>**മറുപടി:**</u> ജില്ലയിൽ 2026-27 വർഷത്തേക്കുള്ള ജില്ലാ, താലൂക്ക്തല ദുരന്ത പ്രതികരണ സംവിധാനം (INCIDENT RESPONSE SYSTEM (IRS)] പത്തനംതിട്ട ജില്ലാ കാര്യാലയത്തിലെ 14/05/2026 തീയതിയിലെ DCPTA/2481/2019-DM2 നം ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളതും കാലവർഷത്തിന് മുൻപായി IRS സജ്ജമാക്കിയിട്ടുള്ളതും ഓരോ താലൂക്ക് പരിധിയിലും ബന്ധപ്പെട്ട തഹസീൽദാർമാരെ ഇൻസിഡന്റ് കമാൻഡർമാരായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

**(എഫ്)** ഡാം തുറക്കുന്നതിന് മുൻപ് പൊതുജനങ്ങൾക്ക് കൃത്യമായ മുന്നറിയിപ്പ് നൽകുന്നതിലും തദ്ദേശ സ്ഥാപനങ്ങളെ ദുരന്തസാധ്യത മുൻകൂട്ടി അറിയിക്കുന്നതിലും വീഴ്ചയുണ്ടായെന്ന പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകളും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളും വിശദമാക്കുമോ?

<u>**മറുപടി:**</u> ഡാം തുറക്കുന്നതിന് മുൻപ് പൊതുജനങ്ങൾക്ക് കൃത്യമായ മുന്നറിയിപ്പ് നൽകുന്നതിലും തദ്ദേശ സ്ഥാപനങ്ങളെ ദുരന്തസാധ്യത മുൻകുട്ടി അറിയിക്കുന്നതിലും വീഴ്ച്ചയുണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**